കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 17-08-2020

**സർക്കുലർ നം 72**

കൊല്ലം ജില്ലാ ജയിലിലും തിരുവനന്തപുരം സെൻട്രൽ ജയിൽ ആൻറ് കറക്ഷണൽ ഹോമിലും നിരവധി ഉദ്യോഗസ്ഥർക്കും തടവുകാർക്കും കോവിഡ് 19 റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മുൻപ് പുറപ്പെടുവിച്ചിരുന്ന കോവിഡ് പ്രതിരോധ നിർദ്ദേശങ്ങൾക്ക് പുറമേ എല്ലാ ജയിൽ സ്ഥാപനങ്ങൾക്കായി താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. തടവുകാരെ ഒരു ജയിലിൽ നിന്നും മറ്റൊരു ജയിലിലേക്ക് മാറ്റുന്നത് പരമാവധി കുറയ്ക്കേണ്ടതാണ്. വളരെ അത്യാവശ്യ സാഹചര്യങ്ങളിൽ അല്ലാതെ തടവുകാരുടെ ജയിൽ മാറ്റം അനുവദിക്കുന്നതല്ല. യാതൊരു കാരണവശാലും നിരവധി തടവുകാരെ ഒരുമിച്ച് ഒരു ജയിലിൽ നിന്നും മറ്റൊരു ജയിലിലേക്ക് മാറ്റുന്നത് അനുവദിക്കുന്നതല്ല.
2. തടവുകാരെ സി.എഫ്.എൽ.ടി സെൻററുകളിൽ നിന്ന് ക്വാറൻറൈൻ ജയിലിലേക്കും ക്വാറൻറൈൻ ജയിലിൽ നിന്നും മറ്റു ജയിലുകളിലേക്കും മാറ്റുമ്പോൾ ജയിൽ വാഹനത്തിൽ ജയിൽ ഉദ്യോഗസ്ഥർ തന്നെ അകമ്പടി സേവിക്കുന്നതാണ് കൂടുതൽ സുരക്ഷിതം എന്ന് മനസ്സിലാക്കുന്നു. അതിനാൽ പരമാവധി ജയിൽ ഉദ്യോഗസ്ഥർ തന്നെ അകമ്പടി ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്. ജയിൽ ഉദ്യോഗസ്ഥരുടെ കുറവുള്ളപ്പോൾ മാത്രം പോലീസിൻറെ സേവനം സ്വീകരിക്കാവുന്നതാണ്
3. ജയിലുകളിൽ പുതുതായി പ്രവേശിപ്പിക്കപ്പെടുന്നവരെ ചുരുങ്ങിയത് 28 ദിവസം നിരീക്ഷണത്തിൽ പാർപ്പിക്കേണ്ടതാണ്. ക്വാറൻറൈൻ ജയിലുകളിൽ നിന്ന് 14 ദിവസത്തിനു ശേഷമാണ് അന്തേവാസികളെ മാറ്റുന്നതെങ്കിൽ പ്രവേശിപ്പിക്കപ്പെടുന്ന ജയിലുകളിൽ പ്രസ്തുത അന്തേവാസികളെ 14 ദിവസം കൂടി നിരീക്ഷണത്തിൽ പാർപ്പിക്കേണ്ടതാണ്
4. ജയിലിനുള്ളിൽ പുറത്തു പോകാതെ കഴിയുന്ന അന്തേവാസികൾക്ക് തങ്ങൾ മുഖേന രോഗബാധ ഉണ്ടാകാനുള്ള സാധ്യത മനസ്സിലാക്കി ഓരോ ഉദ്യോഗസ്ഥനും തങ്ങൾ രോഗബാധിതരാകാതിരിക്കാനുള്ള പരമാവധി ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതാണ്. വ്യക്തി ശുചിത്വം കർശനമായി പാലിക്കേണ്ടതാണ്.
5. ഓരോ ഉദ്യോഗസ്ഥനും വളരെ കൃത്യമായി മാസ്ക് ധരിക്കേണ്ടതാണ്. സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന നിലവാരമുള്ള മാസ്ക് തന്നെ ധരിക്കേണ്ടതാണ്. മൂക്ക്, വായ, താടി എന്നിവ മൂടുന്ന തരത്തിലുള്ള മാസ്ക് തന്നെ ധരിക്കേണ്ടതാണ്
6. സംസാരിക്കുമ്പോൾ മാസ്ക് താഴ്ത്തുക, താടിയിലും കഴുത്തിലും മറ്റു മാസ്ക് ധരിക്കുക, വളരെ അയഞ്ഞ മാസ്ക് ധരിക്കുക, മാസ്കിൽ ഇടയ്ക്കിടെ സ്പർശിക്കുക മുതലായവ തീർത്തും ഒഴിവാക്കേണ്ടതാണ്.
7. ഗേറ്റ്, ടവർ, കാൻറീൻ, ഭക്ഷണശാല മുതലായ സ്ഥലങ്ങളിൽ ഉദ്യോഗസ്ഥർ കൂട്ടം കൂടുന്നത് ഒരു കാരണവശാലും അനുവദിക്കരുത്
8. ഉദ്യോഗസ്ഥർ ഭക്ഷണം കഴിക്കുന്ന സ്ഥലത്ത് സാമൂഹിക അകലം കർശനമായി പാലിക്കേണ്ടതാണ്. ഭക്ഷണം കഴിക്കുമ്പോൾ മാസ്ക് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ

ആ സമയത്ത് പരസ്പരം സംസാരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

9. ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ ഇടയ്ക്കിടെ ഹാൻഡ് വാഷ്/ സോപ്പ്/ സാനിറ്റൈസർ ഉപയോഗിച്ച് നിശ്ചിത രീതിയിൽ കൈ കഴുകേണ്ടതാണ്. ഓരോ ജയിലിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്

10. സാമൂഹിക അകലം, കൃത്യമായ മാസ്ക് ഉപയോഗം മുതലായവ പാലിക്കാത്ത ഉദ്യോഗസ്ഥർക്ക് കർശനമായ താക്കീത് നൽകേണ്ടതും ഇവ ആവർത്തിക്കുന്ന പക്ഷം മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്

11. മഴക്കാലമായതിനാൽ മാസ്കുകൾ കഴുകി ഉണക്കാൻ പ്രയാസം നേരിടുന്നതായി പല അന്തേവാസികളും പരാതിപ്പെടുകയുണ്ടായി. അതിനാൽ മുഴുവൻ അന്തേവാസികൾക്കും 4 മാസ്കുകളെങ്കിലും സൗജന്യമായി നൽകേണ്ടതാണ്. ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന മാസ്കുകൾക്ക് പകരം പുനരുപയോഗിക്കാവുന്ന മൂന്ന് ലെയർ മാസ്കുകൾ നൽകേണ്ടതാണ്. ഓരോ അന്തേവാസിയുടെയും മാസ്കുകൾ പരസ്പരം തിരിച്ചറിയാവുന്നവ ആയിരിക്കണം

12. കോവിഡ് പ്രതിരോധത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച പോസ്റ്ററുകൾ ഉദ്യോഗസ്ഥർക്കും അന്തേവാസികൾക്കും വായിക്കാവുന്ന രീതിയിൽ ജയിലിലെ വിവിധ സ്ഥലങ്ങളിൽ പതിക്കേണ്ടതാണ്. കൂടാതെ പബ്ലിക് അഡ്രസ് സിസ്റ്റം ഉപയോഗിച്ച് ഇത്തരത്തിലുള്ള മെസ്സേജുകൾ അനൗൺസ് ചെയ്യേണ്ടതാണ്.

13. ജയിലിൽ സെല്ലുകളും ബ്ലോക്കുകളും അന്തേവാസികളും ജീവനക്കാരും ജോലി എടുക്കുന്ന കെട്ടിടങ്ങളും ഇടയ്ക്കിടക്ക് അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമാക്കേണ്ടതാണ്. ആയതിനുള്ള സജ്ജീകരണങ്ങൾ ജയിൽ സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും